# തുടക്കം താളപ്പിഴകളോടെ

**കെ സി ഹരികൃഷ്ണൻ**
**ജനറൽ സെക്രട്ടറി, കെ എസ് ടി എ**

ഐക്യജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാർ അഞ്ചാംവർഷത്തിലേക്ക് കടന്നിരിക്കുകയാണ്. സർക്കാർ എത്ര ജനവിരുദ്ധമായാലും തെരഞ്ഞെടുപ്പടുക്കുമ്പോഴെങ്കിലും വോട്ടർമാരുടെ മുമ്പിൽ കേമത്തം കാണിക്കാൻ ചില നല്ല കാര്യങ്ങൾ ചെയ്യും. എന്നാൽ ഈ സർക്കാരാകട്ടെ കഴിഞ്ഞ നാലുവർഷവും അനുവർത്തിച്ചതിനേക്കാൾ ജനവിരുദ്ധമായ നയങ്ങളാണ് ഈ ഘട്ടത്തിലും സ്വീകരിക്കുന്നത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലെ നടപടികളുടെ കാര്യത്തിലാണെങ്കിൽ ഇത്തരമൊരു വിദ്യാഭ്യാസ വിരുദ്ധ ഭരണകൂടം മുമ്പുണ്ടായിട്ടെല്ലെന്നുവേണം പറയാൻ.

സുസജ്ജവും സുസംഘടിതവുമായ പൊതുവിദ്യാഭ്യാസ സംവിധാനമാണ് കേരളത്തിലുള്ളത്. കേരളത്തിൽ ജനിച്ചുവീഴുന്ന എല്ലാ കുട്ടികൾക്കും പന്ത്രണ്ടാം ക്ലാസുവരെ പഠിക്കാനുള്ള സാഹചര്യം നിലവിൽ കേരളത്തിലുണ്ട്. ഇങ്ങനെയുള്ള സാഹചര്യം കേരളത്തിലുണ്ടായത് കേവലം ഭരണകൂടങ്ങളുടെ പ്രവർത്തനം കൊണ്ടുമാത്രമല്ല. നവോത്ഥാന കാലഘട്ടം മുതൽതന്നെ രൂപപ്പെട്ടുവന്നതാണ് നമ്മുടെ പൊതുവിദ്യാഭ്യാസ സംവിധാനം. തിരിഞ്ഞുനോക്കുമ്പോൾ ഒരു വസ്തുത നമുക്ക് ബോധ്യപ്പെടും. ഇടതുപക്ഷ ഗവൺമെന്റുകൾ അധികാരത്തിലിരുന്നപ്പോഴെല്ലാം പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്കുവേണ്ട നിലപാടുകൾ കൈക്കൊണ്ടിരുന്നു. 1957 ൽ അധികാരത്തിലുരുന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ വരുത്തിയ വിപ്ലവകരമായ മുന്നേറ്റം ഇന്നും നാം ഓർക്കുന്നു. 1980 ൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ഗവൺമെന്റ് എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂളുകൾ സ്ഥാപിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടി.

ഒരു സെക്കന്ററി വിദ്യാലയം സർക്കാർ മേഖലയിൽ ആരംഭിക്കണമെങ്കിൽ മൂന്നേക്കർ ഭൂമിയും അഞ്ച് ക്ലാസ്മുറികളും കുട്ടികളും നാട്ടുകാരും നിർമ്മിച്ചു നൽകണമെന്ന നിബന്ധന പൊതുസമൂഹം ഏറ്റെടുത്തു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന സമൂഹമായിട്ടും ഈ കൃത്യം ഏറ്റെടുക്കുന്നത് പൊതുസമൂഹത്തിന് പൊതുവിദ്യാഭ്യാസ മേഖലയോടുള്ള താൽപര്യം ഒന്നുകൊണ്ടുമാത്രമാണ്. 1997 ലെ ഇടതുപക്ഷ ഗവൺമെന്റ് ഹയർസെക്കന്ററി വിദ്യാലയങ്ങൾ സ്കൂളിന്റെ ഭാഗമാക്കി. ആയിരത്തോളം ഹയർസെക്കന്ററി വിദ്യാലയങ്ങൾ അന്ന് ആരംഭിക്കുന്നതിന് ഇടതുപക്ഷ ഗവൺമെന്റ് തയ്യാറായി. എന്നാൽ വലതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴെല്ലാം അവരുടെ വർഗ്ഗനയം ഈ മേഖലയിൽ നടപ്പിലാക്കി. പൊതുവായതെല്ലാം തകർക്കുക എന്ന നയത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയും തകർക്കുക എന്ന നയമാണ് അവർ കൈക്കൊണ്ടത്. 1982-86 ൽ ഭരിച്ച യു.ഡി.എഫ് ഗവൺമെന്റ് വ്യാപകമായി അൺ-എയ്ഡഡ് വിദ്യാലയങ്ങൾ (186 എണ്ണം) അനുവദിച്ച് ഇതിന് തുടക്കം കുറിച്ചു. പിന്നീട് 1991-96 ൽ വന്ന ഗവൺമെന്റും 186 സ്കൂളുകൾക്ക് അംഗീകാരം നൽകി. ഒടുവിൽ 2001-06 ൽ 345 എണ്ണം കൂടി അനുവദിച്ചപ്പോൾ

അൺ-എയ്ഡഡ് സ്കൂളുകളുടെ എണ്ണം 860 ആയി ഉയർന്നു. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളാവട്ടെ ഇവരുടെ കാലത്ത് അംഗീകാരം നൽകിയതുവഴി 1161 ആയും ഉയർന്നു. ഇതിൽ നിന്നുതന്നെ ഇവരുടെ നയം വ്യക്തമാണ്. 50 ലക്ഷം കുട്ടികൾക്ക് പഠിക്കാനുള്ള എല്ലാ സാഹചര്യങ്ങളും പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ട്. ഈ നയത്തിന്റെ ഭാഗമായി 5413 വിദ്യാലയങ്ങൾ അനാദായകരം എന്നുപറഞ്ഞ് അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. ഈ സാഹചര്യത്തിലാണ് ഇപ്പോഴത്തെ യു.ഡി.എഫ് ഗവൺമെന്റ് ഈ മേഖലയുടെ വിശ്വാസ്യത തകർക്കാൻ ബോധപൂർവ്വമായ നിലപാടുകൾ സ്വീകരിക്കുന്നത്.

പൊതുവിദ്യാഭ്യാസ മേഖലയിലെ നല്ല അടയാളങ്ങളെ ഒന്നൊന്നായി തകർക്കുന്നു. എൻ.സി.എഫ് 2005 ന്റെ ചുവടുപിടിച്ചുകൊണ്ട് തയ്യാറാക്കിയ കെ.സി.എഫ് 2007 കേരളം മുഴുവൻ ചർച്ച ചെയ്ത് രൂപപ്പെടുത്തിയതാണ്. രാജ്യത്താകെ മികച്ചപാഠ്യപദ്ധതിയെന്ന ഖ്യാതി നേടി. ഇതിനെയും യു.ഡി.എഫ് സർക്കാരും വലതുപക്ഷ വിദ്യാഭ്യാസ വിദഗ്ദ്ധരും ചേർന്ന് അട്ടിമറിച്ചു. അപ്പോഴും എൻ.സി.എഫ് 2005 നെ ആരും തള്ളിപ്പറഞ്ഞിരുന്നില്ല. അട്ടിമറിക്കു പിന്നിലെ ഗൂഢലക്ഷ്യം ഇതിനെ തകർക്കുക എന്നതുതന്നെയാണ്. കെ.സി.എഫ് 2007 ന് പകരമായി ഒരു അക്കാദമിക് ചർച്ചയും കൂടാതെ കഴിഞ്ഞ വർഷം 1, 3, 5, 7 തുടങ്ങിയ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ മാറ്റി. ഈ പുസ്തകങ്ങൾ കഴിഞ്ഞ വർഷം കുട്ടികൾക്ക് ലഭിച്ചത് അക്കാദമിക് വർഷത്തിന്റെ അവസാനമാണ്. ഈ വർഷം 2, 4, 6, 8 ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് മാറുന്നത്. ഇവയുടെ അച്ചടി ആരംഭിച്ചിട്ടേയില്ല. വിദ്യാലയവർഷം ആരംഭിക്കുന്നത് ജൂൺ 1 നാണ് എന്നറിയാമായിരുന്നിട്ടും കെ.ബി.പി.എസ്സിന് പ്രിന്റ് ഓർഡർ കൊടുത്തത് ഒക്ടോബർ മാസത്തിലാണ്. രണ്ടരലക്ഷത്തോളം പാഠപുസ്തകങ്ങൾ അച്ചടിക്കാനുള്ളപ്പോൾ പ്രിന്റ് ഓർഡർ വൈകിയതിൽതന്നെ കള്ളക്കളിയുണ്ട് എന്ന് വ്യക്തം. എസ്.സി.ഇ.ആർ.ടി മാർച്ച് 23 നാണ് മാറുന്ന പാഠപുസ്തകത്തിന്റെ തയ്യാറാക്കിയ സി.ഡി പ്രസ്സിന് കൈമാറിയത്. എന്തുകൊണ്ട് ഇത്രയും വൈകി എന്ന ചോദ്യത്തിനും എസ്.സി.ഇ.ആർ.ടി ക്ക് മറുപടിയില്ല. പൂർണമായും അച്ചടിക്കാൻ കഴിയില്ലെന്നവിവരം നേരത്തെതന്നെ പ്രസ്സിൽ നിന്നും ബന്ധപ്പെട്ടവരെ അറിയിച്ചെങ്കിലും അത് പരിഹരിക്കാൻ ഒരു നടപടിയും വിദ്യാഭ്യാസവകുപ്പും സർക്കാരും കൈക്കൊണ്ടില്ല. അവസാനം 2015 മെയ് 17 നാണ് ഗവൺമെന്റ് പ്രസ്സിന് 65 ലക്ഷം പുസ്തകങ്ങൾ അച്ചടിക്കാൻ ഓർഡർ നൽകുന്നത്. ഇതിനാവശ്യമായ കടലാസിന് ടെണ്ടർ നൽകിയതിലും ക്രമക്കേട് നടന്നിട്ടുണ്ട്. കഴിഞ്ഞ വർഷംവരെ ടെണ്ടർ നൽകിയിരുന്നത് ഡെൽറ്റ കമ്പനിക്കാണ്. ഈ വർഷം അത് നൽകിയത് സർവ്വ ലക്ഷ്മി എന്ന കമ്പനിക്കാണ്. എന്തിനുവേണ്ടി ഈ മാറ്റം എന്നും വ്യക്തമല്ല. ഇപ്പോഴും 70 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ബാക്കിയുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് ഇനി ജില്ലാകേന്ദ്രങ്ങളിലും സ്കൂളുകളിലും എത്താൻ വീണ്ടും മാസങ്ങൾ ഇനിയുമെടുക്കും. പാഠപുസ്തക വിതരണം പൂർത്തിയാവാൻ ഈ വർഷവും അധ്യയന വർഷാവസാനം വരെ കാത്തുനിൽക്കേണ്ടി വരും.

**യൂണിഫോം**

ആദ്യവർഷം സർക്കാർ സ്കൂളിലെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കൊ

ഴികെ യൂണിഫോം നൽകാനാണ് സർക്കാർ തീരുമാനിച്ചത്. വലിയ തോതിൽ പ്രക്ഷോഭ ങ്ങളും സമ്മർദ്ദങ്ങളും ഉയർന്നുവന്നു. എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. കച്ചവടത്തിന്റെ അനന്തസാധ്യതകൾ മുന്നിൽകണ്ട് യൂണിഫോം വാങ്ങുന്നതിന് ചില വ്യവസ്ഥകൾ മുന്നോട്ടുവച്ചു. യൂണിഫോം വിതരണം ചെയ്യുന്നതിനായി സർക്കാർ നിശ്ചയിച്ച ഒൻപത് കമ്പനികൾ അതിനുള്ള കെൽപ്പു ള്ളവയായിരുന്നില്ല. ഇതുകാരണം വിതരണം പൂർത്തിയായത് അക്കാദമിക് വർഷത്തിന്റെ അവസാനത്തിലായിരുന്നു. കോടിക്കണക്കനുരൂപ തുണി കമ്പനികൾ കോഴ നൽകിയെന്ന ആരോപണവും ആ ഘട്ടത്തിൽ ഉയർന്നുകേട്ടു. കഴിഞ്ഞ വർഷമാകട്ടെ യൂണിഫോം വിത രണം പരിമിതപ്പെടുത്തി. പൊതുവിദ്യാലയങ്ങളിൽ പുതുതായി വന്നു ചേർക്കുന്നവർക്കു മാത്രമാണ് അവ നൽകിയത്. ഈ വർഷമാകട്ടെ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കുമാ ത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. സ്വകാര്യ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും യൂണിഫോം വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചുണ്ടെങ്കിലും അക്കാര്യത്തിൽ ഒരുറപ്പും ഇതു വരെ പറയാറായിട്ടില്ല.

**എസ്.എസ്.എൽ.സി പരീക്ഷാ ഫലം**

കേരളത്തിലെ പൊതുപരീക്ഷയെന്നാൽ എസ്.എസ്.എൽ.സി പരീക്ഷയാണ്. അഞ്ചു ലക്ഷത്തോളം കുട്ടികളും അവരുടെ രക്ഷിതാക്കളും അതീവ ഗൗരവത്തോടെ കാണുന്ന ഒന്ന്. ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷാ ഫലപ്രഖ്യാപനം ഉൾക്കിടിലത്തോടെ യാണ് കുട്ടികളും രക്ഷിതാക്കളും അധ്യാപകരും കേട്ടത്. കുട്ടികളുടെ റിസൽട്ടുകളിൽ പിഴ വുകളുടെ കൂമ്പാരമായിരുന്നു. എസ്.എസ്.എൽ.സി പരീക്ഷ ആരംഭിക്കുന്നതിനുമുമ്പുത ന്നെ പ്രശ്നങ്ങളും ആരംഭിച്ചിരുന്നു. 2012 മുതൽ ഐ.ടി ക്ക് എഴുത്ത് പരീക്ഷയില്ല. എന്നാൽ എഴുത്തുപരീക്ഷയ്ക്കുള്ള ലക്ഷക്കണക്കിന് ചോദ്യക്കടലാസ്സുകൾ പരീക്ഷാഭവൻ അച്ചടിച്ച് വിദ്യാഭ്യാസ ഓഫീസർമാർക്ക് വിതരണം ചെയ്തു. പഠിക്കാൻ കുട്ടികളില്ലെങ്കിലും ആ വിദ്യാ ലയങ്ങൾക്കെല്ലാം രണ്ടാം ഭാഷയായ അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവയുടെ ചോദ്യ ക്കടലാസ്സുകൾ അച്ചടിച്ച് വിതരണം ചെയ്തു. ഏതെല്ലാം പരീക്ഷയ്ക്ക് എത്ര വീതം കുട്ടിക ളുണ്ടെന്ന കണക്കുപോലും വിദ്യാഭ്യാസ വകുപ്പിന്റെ പക്കലില്ല. പരീക്ഷ ആരംഭിക്കുന്ന ഘട്ട ത്തിൽതന്നെ ഫലപ്രഖ്യാപന തീയതി മന്ത്രിതന്നെ പ്രഖ്യാപിച്ചു. വിദ്യാഭ്യാസ മന്ത്രിയുടെ അനാവശ്യ തിടുക്കം പരീക്ഷാഫലം തയ്യാറാക്കുന്നത് അവതാളത്തിലാക്കി. സർക്കാരിന്റെ പിടിപ്പുകേടിനപ്പുറം കുട്ടികൾ നേടിയ വിജയത്തെ അപഹസക്കുന്ന വാർത്തകളും വിവാദ ങ്ങളും ഉയർന്നുവന്നു. സിബിഎസ്ഇ റിസൽട്ട് 99 ശതമാനമായിട്ടും ഉണ്ടാവാത്ത വിമർശന ങ്ങളാണ് പൊതുവിദ്യാഭ്യാലങ്ങളിലെ പാവപ്പെട്ട കുട്ടികളുടെ വിജയശതമാനം ഉയർന്ന പ്പോൾ ഉണ്ടായത്.

ഉന്നത വിദ്യാഭ്യാസ രംഗത്തേക്കുള്ള ചവിട്ടുപടിയായ ഹയർസെക്കന്ററി, വൊക്കേഷ ണൽ ഹയർസെക്കന്ററി മേഖലകളെ സർക്കാർ തീർത്തും അവഗണിക്കുകയാണ്. കഴിഞ്ഞ അധ്യയന വർഷത്തിൽ നൂറുകണക്കിന് ഹയർസെക്കന്ററി വിദ്യാലയങ്ങൾക്കും ബാച്ചു കൾക്കും അനുമതി നൽകി. ശാസ്ത്രീയമായ പഠനങ്ങൾക്കോ അന്വേഷണങ്ങൾക്കോ ശേഷ

മല്ല ഇത്തരമൊരു നടപടി സ്വീകരിച്ചത്. ഹയർസെക്കന്ററി ഡയറക്ടർ മുന്നോട്ടുവച്ച നിർദ്ദേശംപോലം മറികടന്ന് വലിയൊരു കച്ചവടത്തിന് സർക്കാർ നേതൃത്വം നൽകി. ഇന്ന് പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള ആശങ്കാകുലമായ ഒരുന്തരീക്ഷം സമീപ ഭാവിയിൽ ഹയർസെക്കന്ററി മേഖലയിലും വന്നുചേരും എന്നതാണ് നമ്മെ ഭയപ്പെടുത്തുന്നത്. വീണ്ടും വിദ്യാലയങ്ങളും ബാച്ചുകളും അനുവദിക്കുമെന്ന പ്രഖ്യാപനം കൂടുതൽ ആശങ്കയുളവാക്കുന്നു. അധ്യാപകരുടെ സ്ഥലംമാറ്റമുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഈ മേഖലയെ സങ്കീർണ്ണമാക്കുകയാണ്. ഹയർസെക്കന്ററി മേഖലയിൽ പ്രവൃത്തിദിവസം അഞ്ചായി കുറച്ചെങ്കിലും വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ ഇപ്പോഴും ആറു പ്രവൃത്തി ദിവസമാണുള്ളത്. രണ്ടു മേഖലയുടെ സമഗ്രപുരോഗതിക്കുള്ള ഒരു തരത്തിലുമുള്ള ആലോചനകളും നടത്താൻ ഈ സർക്കാർ തയ്യാറാകുന്നില്ല.

**നാഥനില്ലാ കളരി**

പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ഇന്ന് നാഥനില്ലാത്ത അവസ്ഥയാണ്. ഒരു പ്രിൻസിപ്പൽ സെക്രട്ടറി ഈ ഭരണകാലത്തുണ്ടായിട്ടില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്ഥാനം ഒഴിഞ്ഞു കിടക്കുന്നു. ഈ സ്ഥാനത്തിരുന്നവരെല്ലാം സർക്കാരുമായി ഒത്തുപോകാൻ കഴിയാതെ അവധിയിൽ പോവുകയോ മറ്റുസ്ഥലങ്ങളിൽ തേടിപോവുകയോചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മറ്റ് സുപ്രധാന തസ്തികകളായ രണ്ട് എ.ഡി.പി.ഐ, ജായിന്റ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു. ഇങ്ങനെ പ്രധാന തസ്തികകളിലൊന്നും ആളില്ലാത്ത സ്ഥിതയാണ്. എസ്.സി.ഇ.ആർ.ടി എന്ന അക്കാദമിക് ഗവേഷണ സ്ഥാപനം സർക്കാരിന്റെ ഇഷ്ടക്കാരുടെ വിശ്രമകേന്ദ്രം എന്ന നിലയിലേക്ക് മാറിയിരിക്കുന്നു. എസ്.എസ്.എ, ആർ.എം.എസ്.എ, സീമാറ്റ് മുതലായ അനുബന്ധ സ്ഥാപനങ്ങളുടെയും സ്ഥിതി വ്യത്യസ്തമല്ല.

ഗുരുതരമായ ഈ പ്രശ്നങ്ങളൊക്കെ നിലനിൽക്കുന്ന ഘട്ടത്തിലാണ് പുതിയ അധ്യയന വർഷം ആരംഭിച്ചത്. ആകെയുള്ള 12,000 ത്തോളം വിദ്യാലയങ്ങളിൽ 5414 എണ്ണം 100 കുട്ടികളിൽ താഴെയുള്ളവയാണ്. ബദൽ വിദ്യാലയങ്ങൾക്ക് ഇഷ്ടംപോലെ അനുമതി കൊടുക്കുകയും 308 ഓളം അനംഗീകൃത വിദ്യാലയങ്ങൾക്ക് അനുമതി നൽകുകയും ചെയ്തു. ഇനിയും നൂറിലധികം വിദ്യാലയങ്ങൾക്ക് അനുമതി നലകും. 1000 ത്തിലധികം വിദ്യാലയങ്ങൾ അനുമതിക്കുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നു. അവയ്ക്കെല്ലാം അനുമതി നൽകേണ്ടിവരുമെന്ന് വിദ്യാഭ്യാസ മന്ത്രി ഉറപ്പിച്ചു പറയുന്നു. പൊതുവിദ്യാലയങ്ങളെ പൂർണമായി പൂട്ടാൻ ഒരുങ്ങുകയാണ് സർക്കാർ. വിദ്യാഭ്യാസ കച്ചവടക്കാരെ കയറൂരി വിടുകയും യഥേഷ്ടം വിഹരിക്കാനുള്ള സർവ്വ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയുമാണ് ഈ സർക്കാർ ചെയ്യുന്നത്. കെ.കെ.അനീഷ്മാസ്റ്ററുടെ മരണത്തിന്റെ യഥാർത്ഥ കാരണക്കാർ ഈ സർക്കാരാണ്. നെറികെട്ട ഭരണത്തിനും വിദ്യാഭ്യാസ വിരുദ്ധതയ്ക്കും എതിരായി വിപുലമായ പ്രക്ഷോഭങ്ങൾ ഇനിയും ഉയർന്നുവരേണ്ടതായുണ്ട്. അത്തരം പോരാട്ടങ്ങൾക്ക് കേരളത്തിലെ അധ്യാപക പ്രസ്ഥാനത്തോടൊപ്പം എല്ലാ വിദ്യാഭ്യാസ സ്നേഹികളും പുരോഗമനവാദികളും അണിചേരണം.